ഖുത്വ്ബ
31.3.2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# ധനത്യാഗമാണ് പ്രധാനം

وَأَنْفِقُوا فِي سَبِيلِ اللَّهِ وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ ۛ وَأَحْسِنُوا ۛ إِنَّ اللَّهَ يُحِبُّ الْمُحْسِنِينَ ﴿١٩٥﴾

**ഹ**സ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയങ്കരമായ ജമാഅത്തിനുമേൽ അല്ലാഹുവിന്റെ വലിയ ഔദാര്യമാണുള്ളത്. ഇതിൽ ചേർന്നതിനു ശേഷം ജമാഅത്തംഗങ്ങൾ തങ്ങളുടെ പ്രതിജ്ഞയനുസരിച്ച് ധനത്യാഗത്തിൽ മത്സരിച്ച് മുന്നേറുന്നു. പക്ഷേ, അല്ലാഹുവിന്റെ കല്പനയ്ക്കുവിധേയനായിക്കൊണ്ട് നല്ല കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് സന്ദർഭോചിതം ജമാഅത്തിനോട് ധനത്യാഗത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ടിരിക്കേണ്ടതുമാണ്. ആരെങ്കിലും മടികാണിക്കുകയാണെങ്കിൽ അവരുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് പെട്ടെന്ന് തിരിയുന്നതിനുവേണ്ടിയാണിത്. പുതിയതായി വരുന്നവർക്ക് പ്രത്യേകിച്ച് ചെറുപ്പക്കാർക്ക് ധനത്യാഗത്തെ സംബന്ധിച്ച് ബോധം വരികയും വേണം. ധനത്യാഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് അവർക്ക് മനസ്സിലാകണം. അവർ തങ്ങളുടെ പരിഷ്ക്കരണത്തിനും, തങ്ങളുടെ ആത്മാവിന്റെ ശുദ്ധീകരണത്തിനുമായി അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരായിത്തീരണം. അല്ലാഹു പറയുന്നു: ***അൻഫിക്കൂ ഖയ്റുൻല്ലി അൻഫുസിക്കും***. സ്വന്തം ധനം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുക. അത് നിങ്ങളുടെ ആത്മാവിന് ഉത്തമമായിരിക്കും. വിശുദ്ധഖുർആനിൽ ധനത്യാഗത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനെക്കുറിച്ച് നിരവധി നിർദ്ദേശങ്ങളുണ്ട്. തന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്ക് പൂർണ്ണമായ പ്രതിഫലം അല്ലാഹു നല്കുമെന്ന സുവാർത്തയുമുണ്ട്. ഈ ലോകത്തും അവർക്ക് പ്രതിഫലമുണ്ട്. മരിച്ചതിനുശേഷവും അവർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിരിക്കും. അതുകൊണ്ട് എപ്പോഴും നിങ്ങളുടെ ധനത്തിന്റെ ഏറ്റവും നല്ല ഭാഗം അവന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക.

നമ്മുടെ ജമാഅത്തിന്റെ സാമ്പത്തികവർഷം അവസാനിക്കാൻ പോകുകയാണ്. ഈ അവസ്ഥയിൽ ധനപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വകുപ്പിന് ചന്ദ അടച്ചുതീർക്കാൻ പറയുന്നതിലേക്ക് തീർച്ചയായും ചിന്തയുണ്ടാകും. ഇതിന്റെ അടിസ്ഥാനത്തിൽ, തങ്ങളുടെ ലാസ്മി ചന്ദകൾ അടച്ചു തീർക്കുന്നതിൽ ഇതുവരെ ശ്രദ്ധിക്കാത്തവർക്ക് ഇതിലേക്ക് ശ്രദ്ധയുണ്ടാകുന്നതിനും അങ്ങനെ ഉത്തരവാദപ്പെട്ടവരുടെ ബുദ്ധിമുട്ടുകൾ അകലുന്നതിനും വേണ്ടി ഞാൻ നിങ്ങളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുകയാണ്. അല്ലാഹു അവന്റെ ജമാഅത്തിനോടു പെരുമാറുന്നതു കാണുമ്പോൾ, ജമാഅത്തിന്റെ എന്താവശ്യമാണെങ്കിലും അവൻ അത് പൂർത്തിയാക്കിക്കൊണ്ടിരിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. പുതിയ പ്രവർത്തനങ്ങളും പുതിയ പദ്ധതികളും അവൻ തന്നെയാണ് മനസ്സിൽ തോന്നിപ്പിക്കുന്നത്. അവന്റെ ദൃഷ്ടിയിൽ ജമാഅത്തിന് അത് ചെയ്യാനുള്ള കഴിവുള്ളതുകൊണ്ടാണ് അവൻ ഇത്തരം കാര്യങ്ങൾ തോന്നിപ്പിക്കുന്നതും. ഈ അവസാനകാലത്ത് നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസൻ മുഖേന ധനത്യാഗത്തിന്റെ ജിഹാദ് നടക്കണമായിരുന്നു. അതുകൊണ്ട് സുദീർഘമായ ഒരു കാലത്തിനുശേഷം ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരുടെ ഹൃദയങ്ങൾക്ക് വിശാലതയും അല്ലാഹു നല്കി. ഇക്കാലഘട്ടത്തിൽ എങ്ങും ഭൗതികത തിമിർത്താടുമ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരിൽ ഒരു വലിയ വിഭാഗം ധനത്യാഗം ചെയ്യാൻ അറിയുന്നവരാണ്. അവർ നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് നടന്നുകൊണ്ട് സ്വഹാബത്ത് ചെയ്തു കാണിച്ച മാതൃകയെ നിലനാട്ടുന്നവരാണ്. ഈ ധനത്യാഗം തീർച്ചയായും ത്യാഗമാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരിൽ ഈ ത്യാഗത്തിനുള്ള കഴിവും ഉണ്ടാക്കിയിരിക്കുന്നു. അതിന്റെ ഉത്തമമായ ഉദാഹരണം നമ്മുടെ മുമ്പിൽ നമ്മുടെ യജമാനരായ

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) സ്ഥാപിച്ചിട്ടുള്ളതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

നബി(സ) തിരുമേനിയുടെ എല്ലാ കഴിവുകളും ഛായ എന്ന നിലയിൽ നമുക്ക് കരസ്ഥമാക്കാനുള്ള കഴിവ് നമ്മുടെ പ്രകൃതിക്ക് നല്കിയില്ലായിരുന്നെങ്കിൽ, ആ നബിയെ പിന്തുടരാൻ നമ്മോടു കല്പിക്കുമായിരുന്നില്ല. കാരണം അല്ലാഹുതആല കഴിവിനെക്കാളധികം ബുദ്ധിമുട്ടുകൾ നല്കുകയില്ല. അവൻ തന്നെ പറയുന്നു: ***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** (അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്തമേല്പിക്കുന്നില്ല)

'***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** എന്നാണ് അല്ലാഹു പറഞ്ഞത്, അതുകൊണ്ട് എല്ലാ ചന്ദകളും അടച്ചുതീർക്കുക എന്നത് നമ്മുടെ കഴിവിന്നതീതമാണ്' എന്ന് ഒഴികഴിവ് പറയുന്നവർക്കുള്ള വിശദീകരണമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദ്ദേശത്തിൽനിന്ന് നമുക്ക് കിട്ടിയത്. അല്ലാഹു ബുദ്ധിമുട്ടിക്കുകയില്ലെന്നത് ശരിതന്നെയാണ്. പക്ഷേ, നബി(സ) തിരുമേനി സ്ഥാപിച്ച മാതൃക, അതിലൂടെ നടന്നുകൊണ്ട് സ്വഹാബത്ത് വരിച്ച ത്യാഗങ്ങൾ അവർ തങ്ങളിൽ ഞെരുക്കം സൃഷ്ടിച്ചുകൊണ്ടാണ് ആ ത്യാഗങ്ങൾ ചെയ്തത്. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ കഴിവുകൾ അധികമായിരുന്നു. അദ്ദേഹം അതനുസരിച്ച് ത്യാഗങ്ങൾ ചെയ്തു. അല്ലാഹു തന്നോടു നല്ലനിലയിൽ പെരുമാറുന്നതിനെ സംബന്ധിച്ചും അദ്ദേഹത്തിന് അറിവുണ്ടായിരുന്നു. ഇന്ന് താൻ തന്റെ വീട്ടിലെ എല്ലാ സാധനങ്ങളും ത്യാഗം ചെയ്താലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൂടുതൽ തനിക്ക് കിട്ടുമെന്ന് അദ്ദേഹം അറിഞ്ഞിരുന്നു. അല്ലാഹു തനിക്ക് നല്കിയ കഴിവുകൊണ്ട് കൂടുതൽ ധനം തനിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അദ്ദേഹം മനസ്സിലാക്കി. തവക്കുലും അദ്ദേഹത്തിനുണ്ടായിരുന്നു. ദൃഢവിശ്വാസവും ഉണ്ടായിരുന്നു.

ഹസ്റത്ത് ഉമർ(റ) വീട്ടിലെ പകുതി സാധനങ്ങൾ സമർപ്പിച്ചു. ഇപ്രകാരം മറ്റുള്ള സ്വഹാബിമാരും തങ്ങളുടെ കഴിവനുസരിച്ച് ത്യാഗങ്ങൾ ചെയ്തു. അത് ചെയ്തുകൊണ്ടേയിരുന്നു. ***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** എന്ന് പറഞ്ഞതിനെ ഒഴികഴിവിനായി ഉപയോഗിക്കാതിരിക്കേണ്ടതാണ്. മറിച്ച്, ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ധനത്യാഗത്തിന് എത്രമാത്രം കഴിവുണ്ടെന്ന് സ്വയം നോക്കേണ്ടതാണ്. കുറച്ച് വരുമാനക്കാർ അധികവരുമാനക്കാരെ അപേക്ഷിച്ച് കൂടുതൽ ത്യാഗം ചെയ്ത് കൂടുതൽ ചന്ദ കൊടുക്കാറുണ്ട്. കൂടുതൽ പൈസ കാണുമ്പോൾ ചിലരുടെ മനസ്സ് വിശാലമാകുന്നതിനുപകരം കുടുസ്സായി പോകാറുണ്ട്. എന്നല്ല ചിലപ്പോൾ മൂസിയും വളരെ കുറച്ച് വരുമാനത്തിനായിരിക്കും ചന്ദ കൊടുക്കുക. അവരുടെ വരുമാനം ഏറ്റവും കുറച്ച് പ്രകടമാകുംവിധമുള്ള വഴികൾ തിരഞ്ഞുനടക്കുന്നു. വാസ്തവത്തിൽ ചന്ദ കൊടുക്കേണ്ടത് അല്ലാഹുവിനുവേണ്ടിയാണ്. അത്തരക്കാരെ കുറിച്ച് അറിയുമ്പോൾ അവരുടെ വസിയ്യത്ത് റദ്ദാക്കുന്നു. അപ്പോൾ ഖേദം പ്രകടിപ്പിക്കുന്നു. മാപ്പ് ചോദിക്കുന്നു. മൂസിയാവട്ടെ മൂസിയല്ലാത്തവരാകട്ടെ, സാമ്പത്തികമായി ഉയർച്ചയുണ്ടാകുമ്പോൾ ആ ഉയർച്ച അവരെ ത്യാഗങ്ങളിൽ ഉയർത്തണം. കാരണം അല്ലാഹു നമ്മുടെ കഴിവുകളേയും ഐശ്വര്യത്തേയും വർദ്ധിപ്പിച്ചത് പരീക്ഷിക്കാൻ വേണ്ടിയാണ്. ബയ്അത്ത് ചെയ്തു എന്ന വാദത്തിൽ എത്രമാത്രം സത്യസന്ധരാണെന്ന് നോക്കാൻ വേണ്ടിയാണ്.

***ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ*** എന്ന നിർദ്ദേശത്തിനുശേഷം ***ലഹാ മാ കസബത്ത് വ അലയ്ഹാ മക്തസബത്ത്*** എന്ന നിർദ്ദേശവും മുന്നിൽ കാണേണ്ടതാണ്. സൽകർമ്മത്തിനുള്ള പ്രതിഫലം കിട്ടും. കളിപ്പിക്കലുമായി നടക്കുകയാണെങ്കിൽ നഷ്ടവും ഉണ്ടാകും. അത്തരക്കാരുടെ തെറ്റുകാരണത്താൽ അവരിൽനിന്ന് ചന്ദ വാങ്ങാറില്ല. മൂസികളുടെ വസിയ്യത്തിന്റെമേലും അല്ലെങ്കിൽ മറ്റുള്ളവരുടെ ചന്ദയുടെമേലും നിയന്ത്രണമുണ്ടാകുന്നു. അവർ എന്തായാലും അഹ്മദികളാണ്. അവരുടെ മനസ്സിൽ നന്മയുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവരാണവർ. അതുകൊണ്ട് ഇത്തരം നിയന്ത്രണങ്ങൾ ഉണ്ടാകുമ്പോൾ അവരുടെ മനസ്സ് വേദനിക്കുന്നു. അവർക്കത് വളരെ ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ടിരിക്കും. പിന്നീട് അവർ മാപ്പു ചോദിക്കുന്നു.

നിർബന്ധിതരായ കാരണത്താൽ ചിലയാളുകൾക്ക് തോതനുസരിച്ച് ചന്ദ കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ ഇളവ് ചോദിച്ചു വാങ്ങാൻ ജമാഅത്ത് അനുവദിക്കുന്നുണ്ട്. അപ്പോൾ തെറ്റായ വിവരം കാണിക്കുന്നതിനു പകരം തോതിൽ ഇളവ് ചോദിച്ചുവാങ്ങുക എന്നതാണ് സത്യസന്ധമായ പ്രവൃത്തി. ഇത് സംബന്ധമായി പലപ്രാവശ്യം ഞാൻ പറഞ്ഞി

ട്ടുള്ളതാണ്. അത്തരക്കാർക്ക് ഒരു അന്വേഷണവും കൂടാതെ തോതിൽ ഇളവ് ലഭിക്കുന്നതാണ്. ഒന്ന്, ആരാണോ തങ്ങളുടെ വരുമാനം തെറ്റായി പറയുന്നത്, തെറ്റായ വിവരം പറയുന്നകാരണത്താൽ അവർ പാപികളായിത്തീരുന്നു. രണ്ട് ഈ തെറ്റായ വിവരം നല്കുന്ന കാരണത്താൽ തങ്ങളുടെ പണത്തിലും അനുഗ്രഹമില്ലായ്മ ഉണ്ടാക്കുന്നു. ഏതൊരു അല്ലാഹുവാണോ തന്റെ അനുഗ്രഹംകൊണ്ട് അവസ്ഥകൾ ഉത്തമമാക്കിത്തീർക്കുന്നത് അവന് ഏതെങ്കിലും ബുദ്ധിമുട്ടിലും അകപ്പെടുത്താൻ കഴിവുണ്ടെന്ന കാര്യവും എപ്പോഴും അത്തരക്കാർ ഓർക്കേണ്ടതാണ്. അതുകൊണ്ട് അല്ലാഹുവുമായിട്ടുള്ള കാര്യം എപ്പോഴും സംശുദ്ധമാക്കി വയ്ക്കേണ്ടതാണ്.

ഞാൻ ഇവിടെ പറയാനുദ്ദേശിക്കുന്ന യഥാർത്ഥ കാര്യമിതാണ്. ധനത്യാഗം തർബിയ്യത്തിനും ന്യൂനതകൾ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗമാണ്. കുറച്ച് ധനത്യാഗം ചെയ്യുകയും, തെറ്റായ വിവരം നല്കി തങ്ങളുടെ വരുമാനം മറച്ചുവയ്ക്കുകയും ചെയ്യുകയാണെങ്കിൽ, ധനത്യാഗം ചെയ്യുന്നവരുടെ ആത്മാക്കളെ പരിശുദ്ധരാക്കുമെന്ന അല്ലാഹുവിന്റെ വാഗ്ദാനം അവിടെ പുലരുകയില്ല. കാരണം അല്ലാഹു ഓരോ മനുഷ്യന്റേയും ഹൃദയാവസ്ഥ അറിയുന്നവനാണ്. മനുഷ്യന്റെ എല്ലാ അവസ്ഥകളും അവൻ അറിയുന്നു. ഒന്നും അവനിൽനിന്ന് മറഞ്ഞതല്ല. അത്തരം ധനത്യാഗത്തിന് ഒരു നേട്ടവും ഉണ്ടാകുകയില്ല. ഇത് പിന്നീട് തർബിയ്യത്തിന്റെ കുറവിന് കാരണമാകുമെന്ന് മാത്രമല്ല മറ്റുള്ളവർക്ക് തെറ്റായ മാതൃകയായിത്തീരുകയും ചെയ്യും. കളവ് പറയാനും കാരണമായിത്തീരും. അതുകൊണ്ട് അത്തരക്കാർ പൂർണ്ണമായും ചന്ദയിൽനിന്ന് ഒഴിവ് നേടുന്നതാണ് ഉത്തമം.

വരുമാനം തെറ്റായിപ്പറയുന്ന കാരണത്താൽ ഇവർ കളവിന് വശംവദരായിത്തീരുന്നു. ഇതിൽനിന്ന് രക്ഷപ്പെടുക. കാരണം കളവിനെക്കുറിച്ച് അല്ലാഹു പറയുന്നത് അത് ശിർക്കിലേക്ക് കൊണ്ടുപോകുന്നു എന്നാണ്. ഇത്തരം രീതി സ്വീകരിച്ചിട്ടുള്ള കുറച്ചാളുകളുണ്ട്. അവർക്ക് വലിയ താക്കീതാണുള്ളത്. അല്ലാഹു എല്ലാ അഹ്മദികളേയും ഇതിൽനിന്ന് രക്ഷപ്പെടുത്തുമാറാകട്ടെ. ഭാരമായി കരുതാതെ നമ്മൾ സന്തോഷത്തോടെ ധനത്യാഗം ചെയ്യുന്നവരായിത്തീരട്ടെ. അല്ലാഹുവിനുവേണ്ടി ചെയ്യപ്പെടുന്ന ത്യാഗങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹം എന്നു കരുതി ചെയ്യുക. അല്ലാഹുവിനോട് അല്ലെങ്കിൽ ജമാഅത്തിനോട് നമ്മൾ ഔദാര്യമാണ് ചെയ്യുന്നതെന്ന വിചാരം ഉണ്ടാകരുത്. അല്ലാഹു പറയുന്നു: എനിക്കെന്ത് ഔദാര്യം ആര് ചെയ്യാനാണ്? ഞാൻ നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങൾക്ക് ഒരുപാടിരട്ടി പ്രതിഫലം നല്കുന്നവനാണ്. നിങ്ങൾക്ക് തിരിച്ചുതരുന്നവനാണ്. ഈ കച്ചവടം നിങ്ങളുടെ ഗുണത്തിനു വേണ്ടിയിട്ടുള്ളതാണ്. അവൻ പറയുന്നു: ***മൻദല്ലദീ യുഖ്രിളുല്ലാഹ ഖർളൻ ഹസനൻ ഫ യുളാഇഫഹൂ ലഹൂ അള്ആഫൻ കസീറൻ*** അല്ലാഹുവിന് നല്ല കടം നല്കുന്നവനാരുണ്ട്? അങ്ങനെ നല്കുന്നതായാൽ അവൻ അതിനെ അനേകമിരട്ടിയായി വർദ്ധിപ്പിച്ചുകൊടുക്കും. (*2:246*)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു കടം ചോദിക്കുന്നതുകൊണ്ട്, അവന് കടം ആവശ്യമുണ്ടെന്നല്ല അതിന്നർത്ഥം. അവൻ ആരുടെയെങ്കിലും ആശ്രിതനാണെന്നുമല്ല. അങ്ങനെ പറയുന്നതുപോലും സത്യനിഷേധമാണ്. അതിന്റെ ഉദ്ദേശ്യം പ്രതിഫലത്തോടൊപ്പം തിരിച്ചുതരുന്നതാണ്. അല്ലാഹുവിൽനിന്ന് അനുഗ്രഹം നേടാൻ ആഗ്രഹിക്കുന്നവനുള്ള ഒരു രീതിയാണിത്."

അതുകൊണ്ട് സാമ്പത്തികമായ ഐശ്വര്യമുണ്ടായതിനുശേഷവും മനസ്സിൽ പിശുക്ക് വെച്ചുപുലർത്തുന്നവർ, എല്ലാ ചന്ദകളും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുകൂട്ടുന്നതിനുള്ള മാർഗ്ഗമാണെന്ന് മനസ്സിലാക്കേണ്ടതാണ്. അല്ലാഹുവിനുവേണ്ടി തങ്ങളുടെ ധനത്തിന്റെ 1/16 കൊടുക്കുകയാണെങ്കിൽ, അത് കൊടുക്കുന്നവരുടെ ഗുണത്തിനുവേണ്ടിയാണ്. അല്ലാഹു മറ്റൊരു സ്ഥലത്ത്, നിങ്ങളുടെ ധനത്തെ എഴുന്നൂറ് ഇരട്ടിയോ അതിനേക്കാൾ കൂടുതലോ ആക്കി മടക്കിത്തരുമെന്ന് പറയുന്നുണ്ട്. നിങ്ങളുടെ ധനത്തിന്റെ നല്ല ഭാഗം അല്ലാഹുവിന് കൊടുക്കുന്നത് നിങ്ങളുടെ സ്വന്തം നേട്ടത്തിനായിട്ടാണ്. ധനം എപ്പോഴും അനുവദനീയമായ മാർഗ്ഗത്തിലൂടെ സമ്പാദിക്കാനും സത്യവിശ്വാസിയോട് നിർദ്ദേശിച്ചിരിക്കുന്നു. കാരണം, അല്ലാഹുവിന് നല്ല ധനം കൊടുക്കാൻ കഴിയുന്നത്, അനുവദനീയമായ മാർഗ്ഗത്തിലൂടെ അത് സമ്പാദിക്കുമ്പോഴാണ്. അനുവദനീയമല്ലാത്തമാർഗ്ഗത്തിലൂടെ സമ്പാദിച്ച പണം അല്ലാഹുവിന് ഇഷ്ടമല്ല. പലിശ മുതൽ അല്ലാഹുവിന് ഇഷ്ടമല്ല. എന്നല്ല അത് ശക്തമായി വിരോധിച്ചിരിക്കുകയാണ്. കൈക്കൂലിയുടെ പണവും അല്ലാഹുവിന്റെ വെറുപ്പുണ്ടാകാൻ കാരണമാകുന്നു. അതുകൊണ്ട് ചന്ദ കൊടുക്കുന്നവർ ഈ എല്ലാ കാര്യങ്ങളും മുന്നിൽ വയ്ക്കുകയാണെങ്കിൽ, അവരുടെ പണവും വരുമാ

നവും സമ്പാദ്യവും സ്വയം പരിശുദ്ധമാകും. ഈ ധന ത്യാഗം അവർക്ക് ആത്മപരിശുദ്ധിയ്ക്ക് കാരണവു മാകും. ഇങ്ങനെ അവർ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരായിത്തീരും. നബി(സ) തിരുമേനി ഉമ്മത്തിനുവേണ്ടി ചെയ്തിട്ടുള്ള ദുആയ്ക്കും അവർ അവകാശികളാകും. മസീഹ് മൗഊദ്(അ)ന്റെ ഇക്കാലഘട്ടത്തിൽ ഒരു ജിഹാദ് ധനത്യാഗത്തിന്റെ ജിഹാദാണെന്ന് ഞാൻ പറയുകയുണ്ടായി. കാരണം ഇതുകൂടാതെ, പ്രതിരോധത്തിനുള്ള സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കാനോ വിവിധ ഭാഷയിൽ വിശുദ്ധ ഖുർആന്റെ തർജമ ഇറക്കാനോ അത് ലോകത്തെ മുക്കിലും മൂലയിലും എത്തിക്കാനോ മിഷൻ തുറ ക്കാനോ മുറബ്ബികളേയും മുഅല്ലിമുകളേയും തയ്യാ റാക്കാനോ മുറബ്ബികളേയും മുഅല്ലിമുകളേയും ജമാ അത്തുകളിൽ അയക്കാനോ പള്ളികൾ നിർമ്മിക്കാനോ കോളേജുകളും സ്കൂളുകളും മുഖേന ദരിദ്രരായ ആളുകൾക്ക് വിദ്യാഭ്യാസ സൗകര്യമൊരുക്കാനോ രോഗബാധിതരായി ദുഃഖിച്ചുകഴിയുന്ന ആളുകൾക്ക് ആശുപത്രികൾ മുഖേന സമാശ്വാസം നല്കാനോ സാദ്ധ്യമല്ല. അതുകൊണ്ട്, ലോകത്തിന്റെ എല്ലാ അതിർത്തികൾവരെയും, ഓരോ അതിർത്തിയിലും വസിക്കുന്ന ഓരോരുത്തർവരെയും ഇസ്ലാമിന്റെ സന്ദേശം എത്താത്തിടത്തോളം, ദരിദ്രരുടെ ആവ ശ്യങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കപ്പെടാത്തിട ത്തോളംകാലം ഈ ധനത്യാഗം തുടർന്നുകൊണ്ടിരി ക്കേണ്ടതാണ്. അതിനാൽ, ഓരോരുത്തരുടേയും കഴി വിന്നനുസരിച്ച് ഇതിൽ പങ്കെടുക്കേണ്ടത് ഓരോ അഹ്മദിയ്ക്കും നിർബന്ധമാണ്. നബി(സ) തിരുമേ നിയുടെ കാലത്ത് ദരിദ്രർ അവരുടെ കഴിവിനനുസ രിച്ച് ചെലവ് ചെയ്തിരുന്നു. സമ്പന്നർ അവരുടെ കഴി വിനനുസരിച്ച് ചെലവ് ചെയ്തിരുന്നു. ദരിദ്രരായ സ്വഹാബിമാരും, ദൈവമാർഗ്ഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ പക്കലും ധനമുണ്ടായിരുന്നെങ്കിൽ എന്നോർത്ത് സങ്കടപ്പെട്ടിരുന്നു. ജിഹാദിനുപോകാൻ ആഗ്രഹമുണ്ടായിട്ടും, ദാരിദ്ര്യംകൊണ്ട് അവർക്ക് പിന്നിൽ നില്ക്കേണ്ടിവന്നിരുന്നു. അത്തരം ഘട്ട ത്തിൽ അവരുടെ കണ്ണുകൾ കണ്ണീർ ഒഴുക്കിയിരു ന്നു. അവരുടെ ഹൃദയം അസ്വസ്ഥമായിരുന്നു. ഇതെ ത്രമാത്രം സത്യമായിരുന്നു എന്നുവെച്ചാൽ, ഹൃദയ ങ്ങളിലുള്ളതറിയുന്ന അല്ലാഹുവും അതിന് സാക്ഷി പറഞ്ഞു; ഈ അസ്വസ്ഥമായ ഹൃദയങ്ങളും കണ്ണീ രൊഴുക്കുന്ന കണ്ണുകളും കൃത്രിമമല്ലെന്ന്. മറിച്ച് യഥാർത്ഥത്തിലുള്ള അവരുടെ അവസ്ഥയായിരുന്നു അത്. ധനത്യാഗം ചെയ്യാനുള്ള നമ്മുടെ ആവേശവും ഇതേരീതിയിലുള്ള യഥാർത്ഥ ആവേശമായിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമ്മളെ അവരോടൊപ്പം ചേർത്തുകൊണ്ട് പരിശുദ്ധ മാതൃക നിലനിർത്താൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ആയത്തനുസരിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവ് നല്കുമാറാകട്ടെ. അതനുസരിച്ച് പ്രവർത്തി ക്കാൻ സൗഭാഗ്യം നല്കുമാറാകട്ടെ. ഞാനോതിയ ആയത്തിന്റെ അർത്ഥം ഇങ്ങനെയാണ്. "അല്ലാഹു വിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക, നിങ്ങളുടെ കൈകൊണ്ട് നിങ്ങളെ തന്നത്താൻ നശിപ്പിക്കരുത്. നന്മകൾ ചെയ്യുക. തീർച്ചയായും അല്ലാഹു നന്മ ചെയ്യുന്നവരെ സ്നേഹിക്കുന്നു." (*2:196*)

ഇന്ന് ഇസ്ലാമിന്നെതിരിൽ എല്ലാ ഭാഗത്തു നിന്നും ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. അല്ലാഹുതആല ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് മാർഗ്ഗദർശനം നല്കിക്കൊണ്ട് തെളിവുകൾ മുഖേന മറുപടി പറയാൻ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനെ ഇന്ന് എഴുന്നേല്പിച്ചു നിർത്തിയിരി ക്കുന്നു. ഇതിന്റെ തയ്യാറെടുപ്പിന് ധനത്യാഗത്തിന്റെ ആവശ്യമുണ്ട്. നമ്മുടെ ഉത്തരവാദിത്തം മനസ്സിലാ ക്കിക്കൊണ്ട് നാം ധനത്യാഗത്തിലേക്ക് ഒരുപാട് ശ്രദ്ധി ക്കേണ്ടതാണ്. നാം ധനത്യാഗത്തിലേക്ക് ശ്രദ്ധിക്കു ന്നില്ലെങ്കിൽ അല്ലാഹു പറഞ്ഞതുപോലെ നമ്മളെ തന്നത്താൻ നാശത്തിൽ അകപ്പെടുത്തുന്നവരായി ത്തീരും. ദീനീസേവനത്തിൽനിന്ന് നമ്മളെ തന്ന ത്താൻ ഒഴിച്ചുനിർത്തുന്നവരായിത്തീരും. ദീനീ സേവനത്തിൽനിന്ന് സ്വയം ഒഴിഞ്ഞുനില്ക്കുക എന്നതിന്റെ അർത്ഥം നാശത്തിലകപ്പെടുക എന്നാണ്.

ചില കാര്യങ്ങളിൽ മടികാണിക്കുന്ന ആളുകൾ ആത്മപരിശോധന നടത്തുക. പുതിയതായി വരുന്ന വരെ ഇത് പറഞ്ഞ് ബോദ്ധ്യപ്പെടുത്താൻ ജമാഅ ത്തിന്റെ ഭാരവാഹികളും ഉത്തരവാദികളാണ്. ദീനിനെ സഹായിക്കുന്നതിന് ആകാശത്തിൽ ആവേശം അല തല്ലുമ്പോൾ നമ്മുടെ ഉത്തരവാദിത്തം നിർവഹിക്കു ന്നതിലേക്കും കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. ഈ ഉത്തരവാദിത്തങ്ങൾ നമുക്ക് നിർവ്വഹിക്കേണ്ട തായിവരും. സൽകർമ്മങ്ങൾ അനുഷ്ഠിക്കുക എന്ന കല്പനയനുസരിച്ച് ഏറ്റവും ഉത്തമമായ നിലയിൽ അത് ചെയ്യുമ്പോഴാണ് നമ്മൾക്ക് രക്ഷപ്പെടാൻ സാധി ക്കുന്നത്. ഇതിന്റെ ഫലമായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരും. നബി(സ)യുടെ സ്വഹാബിമാർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാ ക്കുന്നതിനുവേണ്ടി പണം ചെലവഴിക്കേണ്ട രീതിയെ

ക്കുറിച്ചും, എന്തു ധനമാണ് ചെലവഴിക്കേണ്ടത് എന്ന തിനെക്കുറിച്ചും അവിടത്തോട് ചോദിക്കാറുണ്ടായി രുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി (സ) തിരുമേനിയുടെയടുക്കൽ വന്നു. അല്ലാഹു വിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെല വഴിച്ച ഏത് ധനത്തിനാണ് കൂടുതൽ പ്രതിഫലം കിട്ടുക എന്ന് അയാൾ ചോദിച്ചു. അവിടന്ന് പറഞ്ഞു. നീ ആരോഗ്യവാനായിരിക്കുകയും പണത്തിന് ആവ ശ്യക്കാരനായിരിക്കുകയും അതിനുവേണ്ടി അത്യാശ ഉണ്ടാകുകയും ദാരിദ്ര്യത്തെ ഭയപ്പെടുകയും ഐശ്വ ര്യാവസ്ഥ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ താമസം വരുത്താതെ ദാനധർമ്മങ്ങൾ ചെയ്യുന്നതിനാണ് കൂടു തൽ പ്രതിഫലം. ജീവൻ തൊണ്ടക്കുഴിയിൽ വന്നെ ത്തുമ്പോൾ, ഇന്നയാൾക്ക് ഇത്ര കൊടുക്കുക, ഇന്ന യാൾക്ക് ഇത്ര കൊടുക്കുക എന്ന് പറയേണ്ടുന്ന ഒര വസ്ഥ നിനക്കുണ്ടാവരുത്. വാസ്തവത്തിൽ അപ്പോൾ ആ പണം നിന്റേതല്ല. അത് മറ്റാറുടേതെങ്കിലും ആയി ട്ടുണ്ടാകും."

മനുഷ്യന്റെ ആരോഗ്യം നല്ല അവസ്ഥയിലായി രിക്കുമ്പോൾ, പ്രത്യേകിച്ച് യുവത്വകാലത്ത് ചെലവ ഴിക്കുക. ഈ അവസ്ഥയിൽ ഒരുപാട് അനാവശ്യ കാര്യങ്ങളിൽ മനുഷ്യൻ അകപ്പെട്ടുപോകാറുണ്ട്. ദൈവമാർഗ്ഗത്തിൽ ചെലവഴിക്കുമ്പോൾ അതിൽ നിന്ന് രക്ഷപ്പെടുന്നു.

ധനത്തോടുള്ള ആഗ്രഹം ഓരോ മനുഷ്യനിലു മുണ്ട്. ഇക്കാലത്ത് ഭൗതികത തിമിർത്തുനില്ക്കുക യാണ്. ഇന്ന് ഈ ആഗ്രഹം വളരെയധികമാണ്. ഈ അവസ്ഥയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെല വഴിക്കുമ്പോൾ തീർച്ചയായും ഇത് വളരെ വലിയ ത്യാഗമാണ്. ജമാഅത്തിൽ ഒരുപാടാളുകൾ ധനം ആഗ്രഹിക്കുന്നവരായിട്ടും ത്യാഗങ്ങൾ ചെയ്യുന്നുവെ ന്നത് അല്ലാഹുവിന്റെ അനുഗ്രഹമാണ്.

ദാരിദ്ര്യം ഭയപ്പെടുന്ന അവസ്ഥയിൽ ചെലവ ഴിക്കലാണ് മറ്റൊന്ന്. ജമാഅത്തിൽ ഇതിന് ഒരുപാട് ഉദാഹരണങ്ങൾ ലഭിക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഒരു കാര്യവും നോക്കാതെ അവർ ത്യാഗങ്ങൾ ചെയ്യുന്നു.

ജർമ്മനിയിലെ ഒരു യുവാവിനെക്കുറിച്ച് കുറച്ചു ദിവസം മുമ്പേ എനിക്കറിയാൻ കഴിഞ്ഞു, അദ്ദേഹം കടക്കാരനായിരുന്നു. വിവാഹവും ഉറപ്പി ച്ചിരുന്നു. നിസ്സാരമായ ഒരു തുക വിവാഹത്തിനായി അദ്ദേഹം സ്വരുക്കൂട്ടിയിരുന്നു. എന്നാൽ, അവി ടത്തെ നൂറ് പള്ളി നിർമ്മാണത്തെ സംബന്ധിച്ചുള്ള ചന്ദയുടെ വിളംബരമുണ്ടായപ്പോൾ അദ്ദേഹം സ്വരു ക്കൂട്ടിവെച്ച പണം മുഴുവൻ അതിലേക്ക് കൊടുത്തു. ഈ മാതൃക, ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണ മാണ്. തന്ത്രങ്ങളും സൂത്രങ്ങളുംകൊണ്ട് ചന്ദയിൽ കുറവ് വരുത്താൻ അപേക്ഷ നല്കുന്ന അലസരാ യിട്ടുള്ള മറ്റുള്ളവരും ഇത് മാതൃകയാക്കേണ്ടതാണ്. അവർ സമ്പന്നരാകാൻ ആഗ്രഹിക്കുന്നുവെന്ന് പറ ഞ്ഞത് അത്തരക്കാരെക്കുറിച്ചാണ്. എങ്ങനെയെ ങ്കിലും പണം സ്വരൂപിക്കണം എന്ന ഒരേയൊരു ആഗ്ര ഹമാണ് അവർക്കുള്ളത്. ഈ കുറച്ചാളുകൾ ആ ബർക്കത്തുകളിൽ പങ്കെടുക്കാതെ, തന്നത്താൻ തങ്ങളെ നാശത്തിൽ അകപ്പെടുത്തുന്നവരാണ്. അല്ലാഹു എല്ലാ അഹ്മദികൾക്കും ഇത് മനസ്സിലാ ക്കാനുള്ള കഴിവ് നല്കുമാറാകട്ടെ. ഈ പിശുക്കിൽ നിന്ന് സുരക്ഷിതരാക്കിവയ്ക്കുമാറാകട്ടെ. നബി(സ) തിരുമേനി എങ്ങനെയാണ് തന്റെ സ്വഹാബിമാരെ ധന ത്യാഗത്തിന് പ്രേരിപ്പിച്ചതെന്ന് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് നബി കരീം(സ) ഒരിക്കൽ തന്റെ ബന്ധത്തിലുള്ള സഹോദരി ഹസ്റത്ത് അസ്മാഅ്ബിൻത് അബൂബക്കറിനെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എണ്ണിയെണ്ണി ചെലവഴിക്കരുത്. അങ്ങനെയായാൽ അല്ലാഹുവും എണ്ണിയെണ്ണിയെ നിനക്ക് തരൂ. പണ സഞ്ചിയുടെ വായ മൂടിക്കെട്ടിവയ്ക്കരുത്. അതായത് പിശുക്ക് കാണിക്കരുത്. അങ്ങനെയായാൽ അതിന്റെ വായ മൂടിക്കെട്ടിത്തന്നെ വയ്ക്കുന്നതായിരിക്കും." അതായത് പിന്നീട് പണം വരികയില്ല.

അതുകൊണ്ട് കഴിവിന്നനുസരിച്ച് ചെലവഴി ക്കേണ്ടതാണ്. ചന്ദ തങ്ങൾക്ക് ഭാരമാണെന്ന് മനസ്സി ലാക്കുന്നവർ ഈ ഉപദേശം എപ്പോഴും ഓർമ്മവ യ്ക്കേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉഖ്ബബിൻ ആമിർ(റ) പറയുന്നു. നബി(സ) തിരു മേനി പറഞ്ഞു: ഖിയാമത്തുന്നാൾ കണക്കെടുപ്പുകൾ അവസാനിക്കുന്നതുവരെ അല്ലാഹുവിന്റെ മാർഗ്ഗ ത്തിൽ ചെലവഴിക്കുന്നവൻ, അല്ലാഹുവിന്റെ വഴി യിൽ ചെലവഴിക്കപ്പെട്ട ധനത്തിന്റെ തണലിൽ വസി ക്കുന്നതാണ്.

നബി(സ) തിരുമേനി ഖുദ്സിയായ ഈ ഹദീസും കേൾപ്പിക്കാറുണ്ടായിരുന്നു. അതായത്, അല്ലാഹു പറ യുന്നു: ഏ ആദമിന്റെ മകനേ! ചെലവഴിച്ചുകൊണ്ടേ യിരിക്കുക. ഞാൻ നിനക്ക് നല്കുന്നതാണ്.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ

ഇത്തരം ഒരുപാട് ഉദാഹരണങ്ങൾ നമ്മുടെ ജമാഅത്തിൽ കാണാവുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹം അനുഭവിച്ചറിഞ്ഞതുകൊണ്ടാണ് ഞെരുക്കത്തിലാണെങ്കിലും ചെലവഴിക്കാൻ തയ്യാറാകുന്നത്. ഇത്തരം ത്യാഗം ചെയ്യുന്നവരെ അല്ലാഹു എപ്പോഴും ജമാഅത്തിന് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവരുടെമേൽ തന്റെ അനുഗ്രഹം ഇറക്കിക്കൊണ്ടിരിക്കുമാറാകട്ടെ.

ചന്ദയെക്കുറിച്ച് ചില ജമാഅത്തുകളിൽനിന്ന് ചില വ്യാഖ്യാനമാവശ്യപ്പെടാറുണ്ട്. ഇതിനെക്കുറിച്ച് വിശദീകരിക്കാമെന്ന് ഞാൻ കരുതുന്നു. ഒന്നാമതായി പറയാനുള്ളത് ഈയിടെയായി വസിയ്യത്ത് ചെയ്യുന്നതിലേക്ക് ഒരുപാട് ശ്രദ്ധയുണ്ടായിട്ടുണ്ട്. പക്ഷേ, തർബിയ്യത്തിന്റെ കുറവ് ഒരുപാട് കാണുന്നു. ചില മൂസിമാർ മനസ്സിലാക്കുന്നത്, തങ്ങൾ വസിയ്യത്ത് ചെയ്തതുകൊണ്ട് വസിയ്യത്തിന്റെ ചന്ദ മാത്രമെ കൊടുക്കേണ്ടതുള്ളൂവെന്നാണ്. മറ്റു ചന്ദകളൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന് അവർ കരുതുന്നു. എല്ലാ ചന്ദയും കൊടുക്കാനുള്ള പരിതസ്ഥിതിയില്ലെങ്കിൽ അതിന് അനുവാദം വാങ്ങുക എന്നാണ് ആദ്യം പറയാനുള്ളത്. ഇല്ലെങ്കിൽ മൂസിയിൽനിന്ന് പ്രതീക്ഷിക്കുന്നത്, ഒരു മൂസിയുടെ ത്യാഗം മുസിയല്ലാത്തവരെ അപേക്ഷിച്ച് കൂടുതലായി ഉണ്ടാകണമെന്നാണ്. വസിയ്യത്തിന്റെ 1/10 കൊടുത്തുകൊണ്ട് മറ്റു ചന്ദകൾ കൊടുക്കുന്നില്ലെങ്കിൽ, മൂസിയല്ലാത്തയാൾ മറ്റു ചന്ദകളും കൂടി കൊടുത്തുകൊണ്ട് മൂസി ചെയ്യുന്ന ത്യാഗത്തെക്കാൾ കൂടുതൽ ത്യാഗം ചെയ്യുന്നുണ്ടാകാം. ഇതിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കട്ടെ; ചന്ദ കൊടുക്കുന്ന ആരാണെങ്കിലും– മൂസിയാവട്ടെ, മൂസിയല്ലാത്തയാളാവട്ടെ– കഴിവുണ്ടെങ്കിൽ എല്ലാ പദ്ധതികളിലും ചന്ദ കൊടുക്കേണ്ടതാണ്. കാരണം ഓരോ പദ്ധതിയും അതാതിന്റെ ആവശ്യമനുസരിച്ച് വളരെ പ്രധാനപ്പെട്ടതാണ്.

പിന്നീടൊരുകാര്യം പറയാനുള്ളത്, ഞാൻ പറഞ്ഞതുപോലെ ചന്ദ കൊടുക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കലാണ്. അല്ലാതെ പൈസ സ്വരുക്കൂട്ടിവയ്ക്കലല്ല. അതുകൊണ്ട് തികച്ചും ശരിയായ രീതിയിൽ വരുമാനം മറച്ചുവയ്ക്കാതെ വർഷാരംഭത്തിൽ ബജറ്റ് എഴുതിക്കേണ്ടതാണ്. ബജറ്റ് എന്തായാലും കൃത്യമായ വരുമാനത്തിനനുസരിച്ച് രേഖപ്പെടുത്തണം. അതിനുശേഷം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ, ചന്ദയിൽ ഇളവ് വാങ്ങാവുന്നതാണ്.

മറ്റൊരുകാര്യം പുതിയ അഹ്മദികളെ സാമ്പത്തിക വ്യവസ്ഥിതിയിൽ പങ്കെടുപ്പിക്കുക എന്നതാണ്. ഇത് ജമാഅത്തിലെ ഔദ്യോഗിക ഭാരവാഹികളുടെ പ്രവൃത്തിയാണ്. നവഅഹ്മദികൾ സാമ്പത്തിക വ്യവസ്ഥിതിയിൽ പങ്കെടുക്കാൻ തുടങ്ങിയാൽ നവ അഹ്മദികളുമായി നമുക്ക് ബന്ധമില്ല എന്ന പരാതിയും അകലുന്നതാണ്. ഈ ബന്ധം എന്നെന്നും നിലനില്ക്കുന്ന ബന്ധമായിരിക്കും. അവരുടെ തർബിയ്യത്തും, അവരുടെ തഖ്വയുടെ നിലവാരവും ഉയർത്തുന്നതുമായിരിക്കുമിത്. ഞാൻ പറഞ്ഞതുപോലെ ധനത്യാഗത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരുപാട് നിർദ്ദേശങ്ങളുണ്ട്. അല്ലാഹു അനുഗ്രഹങ്ങൾ ചൊരിയുമ്പോൾ ഇവരേയും അതിൽ പങ്കെടുപ്പിക്കേണ്ടതാണ്. സക്കാത്തിനെക്കുറിച്ചും ചിലർ ചോദിക്കാറുണ്ട്. ഇത് അടിസ്ഥാനപരമായ കല്പനയാണ്. സക്കാത്ത് വാജിബായിട്ടുള്ളവർ തീർച്ചയായും സക്കാത്ത് കൊടുക്കേണ്ടതാണ്. ഇതിലും ഒരുപാട് ഒഴിവുകൾ ബാക്കിയുണ്ട്. ചിലയാളുകളുടെ പണം വർഷങ്ങളോളം ബാങ്കിൽ കിടക്കുന്നു. ഒരു വർഷത്തിനുശേഷം പണം ബാങ്കിൽ തന്നെയെങ്കിൽ അതിന് സക്കാത്ത് കൊടുക്കേണ്ടതാണ്. സ്ത്രീകളുടെ ആഭരണങ്ങൾക്ക് സക്കാത്ത് കൊടുക്കണം; എത്ര കൈയിൽ വയ്ക്കാമോ അത് കഴിച്ച്. ചില കർഷകർക്ക് സക്കാത്ത് വാജിബായിരിക്കും. അവരും സക്കാത്ത് കൊടുക്കേണ്ടതാണ്. ഇതിലേക്ക് ശ്രദ്ധചെലുത്തേണ്ടതാണ്.

ധനത്യാഗത്തെക്കുറിച്ച് ഒരു ദുആയ്ക്കുള്ള അപേക്ഷയാണ്. ഞാനൊരിക്കൽ വിളംബരം ചെയ്തിരുന്നു. അത് രണ്ടു പ്രാവശ്യം ചെയ്തുകഴിഞ്ഞതാണ്. ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് റബ്വയിൽ നിർമ്മാണത്തിലാണ്. മനോഹരമായ കെട്ടിടമാണ്. നല്ല നിലവാരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടായിരിക്കുമിത്. അതിനുവേണ്ടി ഞാൻ അഹ്മദി ഡോക്ടർമാരോടു പ്രത്യേകമായ നിലയിൽ പങ്കെടുക്കാനും ത്യാഗം ചെയ്യുവാനും പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അമേരിക്കയിലെ ഡാക്ടർ ഇതിന്റെ ചെലവിന്റെ വലിയൊരു ഭാഗം സ്വയം ഏറ്റിരിക്കുകയാണ്. അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു വൻതുക അടച്ചുകഴിഞ്ഞിരിക്കുന്നു. വാഗ്ദാനവും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിനുവേണ്ടിയും ദുആ ചെയ്യാൻ അപേക്ഷിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. എത്രയും വേഗം വാഗ്ദാനം പൂർത്തിയാക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

പക്ഷേ, ഈ വലിയ ത്യാഗം കാരണത്താൽ തങ്ങളുടെ ലാസ്മി ചന്ദകളിൽ വ്യത്യാസം വരാതിരിക്കാൻ അമേരിക്കയിലെ ജമാഅത്ത് ശ്രദ്ധിക്കേണ്ട താണ്. ഒരു കാരണവശാലും ലാസ്മി ചന്ദയെ ഇത് ബാധിക്കാൻ പാടില്ല. അല്ലാഹുതആല ഈ ത്യാഗം ചെയ്യുന്നവർക്കെല്ലാം അവരുടെ ധനത്തിലും ജീവനിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. അല്ലാഹു, ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്, ജമാഅത്തിന്റെ അഭിവൃദ്ധിക്കായി എന്ത് സാധനം ആവശ്യമായി വന്നാലും എത്ര പണത്തിന്റെ ആവശ്യമുണ്ടായാലും ഇൻശാ അല്ലാഹ് ലഭിക്കുന്നതാണെന്ന്. അവിടന്ന് പറയുന്നു: ഈ ജമാഅത്തിന് അഭിവൃദ്ധി നല്കുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതുകൊണ്ട് ഇസ്ലാമിന്റെ പ്രചാരണത്തിനായി ഒരുപാട് ധനം സ്വരുക്കൂട്ടപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

പണം കിട്ടുകയില്ലെന്നും ആവശ്യം പൂർത്തീകരിക്കപ്പെടുകയില്ലെന്നുമുള്ള ചിന്ത നമുക്കില്ല. പക്ഷേ, നമ്മളെപ്പോഴും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഈ ധനത്യാഗത്തിൽ അത്യുത്സാഹത്തോടെ പങ്കെടുക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കട്ടെ. ത്യാഗങ്ങളുടെ ഉന്നതമായ നിലവാരം സ്ഥാപിക്കുന്നവരായി നാം തീരട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളുമാവട്ടെ.

ഇൻശാഅല്ലാഹ് ഈ ആഴ്ചയിൽ ഞാൻ പര്യടനത്തിനായി പോവുകയാണ്. ഈ പര്യടനം ആഴ്ചകൾ നീണ്ടുനില്ക്കും. ആസ്ത്രേലിയ തുടങ്ങിയ രാഷ്ട്രങ്ങളിലാണ് പോകുന്നത്. പ്രാർത്ഥിക്കുക. അല്ലാഹു എല്ലാരീതിയിലും ഈ പര്യടനം അനുഗൃഹീതമാക്കിത്തീർക്കട്ടെ. എല്ലാവിധത്തിലും വിജയിപ്പിക്കുമാറാകട്ടെ. അവിടെത്തെ അഹ്മദികൾക്കും ഇത് അനുഗ്രഹമായിതീരട്ടെ. യാത്രയിലും ഞങ്ങളെ അല്ലാഹു സുരക്ഷിതമായിവയ്ക്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 31.3.2006 at Baitul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala